## 15.05.2013 ന് തിരുവനന്തപുരത്ത് നടന്ന ഐ.ടി. സെമിനാർ - പ്രഖ്യാപനം

കേരള വിദ്യാഭ്യാസ രംഗത്ത് ഐ.സി.ടി. അധിഷ്ടിത പഠനത്തിന് ഒരു ലോകോത്തര മാതൃക തന്നെ സംഭാവന ചെയ്യാൻ കഴിഞ്ഞ പദ്ധതി ആയിരുന്നു ഐ.ടി. അറ്റ് സ്കൂൾ. അദ്ധ്യാപക ശാക്തീകരണം, പാഠപുസ്തകം തയ്യാറാക്കൽ, ഐ.സി.ടി അധിഷ്ടിത പഠനസാമഗ്രികൾ അദ്ധ്യാപക നേതൃത്വത്തിൽ തയ്യാറാക്കൽ, സർക്കാർ, എയിഡഡ് സ്കൂളുകൾക്കുള്ള ഹാർഡ്‌വേർ പരിപാലനവും വിതരണവും, സ്കൂൾ മേഖലയിലെ ഇ-ഗവേർണൻസ് തുടങ്ങി വളരെ മികച്ച പ്രവർത്തനങ്ങളാണ് 2006 - 2011 കാലഘട്ടത്തിൽ ഐ.ടി. അറ്റ് സ്കൂൾ ചെയ്തു പോന്നിരുന്നത്. വളരെ ദ്രുതഗതിയിലുള്ള ഈ വളർച്ചയിൽ നിന്നും ഇപ്പോൾ ഐ.ടി. അറ്റ് സ്കൂൾ കൂപ്പുകുത്തുകയാണ്. ഈ സംവിധാനം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായ ഭരണസംവിധാനം തന്നെയാണ് തകർച്ചയ്ക്ക് നേതൃത്വം നൽകുന്നത്.

കേരളത്തിലെ പാഠ്യ പദ്ധതിയിൽ ഐ.ടി. എന്ന വിഷയം സ്വതന്ത്രമായി നിൽക്കുന്നുവെങ്കിലും ഐ.ടി. വിഷയം ക്ലാസ്സുകളിൽ കൈകാര്യം ചെയ്യുന്നതിന്ന് പ്രത്യേകം അദ്ധ്യാപകരില്ല. കൃത്യമായും കാര്യക്ഷമമായും നൽകി വന്നിരുന്ന അദ്ധ്യാപക പരിശീലനങ്ങളുടേയും അക്കാദമിക ഇടപെടലുകളിലൂടേയും ആണ് കേരളത്തിലെ ഐ.ടി. പഠനം മികച്ചരീതിയിൽ മുന്നോട്ട് പോയ്ക്കൊണ്ടിരുന്നത്. എന്നാൽ ഇത്തരത്തിലുണ്ടായിരുന്ന പരിശീലന പരിപാടികൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. എൽപി., യുപി. അദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലനം, ഹൈസ്കൂൾ അദ്ധ്യാപകർക്കുള്ള പുനർ പരിശീലനങ്ങൾ ഇവയെല്ലാം നിർത്തിവെക്കപ്പെട്ട അവസ്ഥയിലാണ്.

പുതിയ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന വിമർശനാത്മക ബോധന രീതിശാസ്ത്രത്തിനനുഗുണമായ സാമഗ്രികൾ സംഭാവന ചെയ്യാൻ ഏറ്റവും മികച്ച വിദ്യാഭ്യാസ ചാനലായ വിക്ടേർസിനു കഴിഞ്ഞിരുന്നു. ഇന്ന് വിക്ടേർസ് ചാനൽ ഗുണപരമായ പുതിയ പരിപാടികൾ തയ്യാറാക്കുന്നില്ലെന്ന് മാത്രമല്ല, പഴയ കാല പഠനരീതികളിലേക്ക് കുട്ടികളെ തള്ളിവിടാൻ ശ്രമിക്കുകയുമാണ്. മാത്രവുമല്ല വിദ്യാഭ്യാസ കച്ചവടത്തിന് വഴിയൊരുക്കാനുള്ള ആലോചനകൾ നടക്കുകയാണ്.

വളരെ മികച്ച രീതിയിൽ നടന്നുവന്നിരുന്ന ഹാർഡ്‌വേർ വിതരണവും പരിശീലനവും പുതിയ ഭരണസംവിധാനത്തിൽ പരാജയപ്പെടുത്തുകയാണ്. സ്കൂൾ മാനേജമെന്റ് സോഫ്റ്റ്‌വേറായ 'സമ്പൂർണ' ലക്ഷക്കണക്കിന് രൂപ സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച് തയ്യാറാക്കിയതാണ്. ഇത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താതെ സ്വകാര്യ കമ്പനികളെ പകരം വെക്കാനുള്ള ശ്രമം ഗവൺമെന്റ് ഭാഗത്തുനിന്നും ആരംഭിച്ചുകഴിഞ്ഞു.

കേരളത്തിൽ നടപ്പാക്കിവരുന്ന ഐ.സി.ടി. പഠനം സ്വതന്ത്ര സോഫ്റ്റ്‌വേർ ഉപയോഗിച്ച് നടക്കുന്നു എന്നത് നമ്മുടെ കുട്ടികളുടെ പഠനത്തിൽ സ്വകാര്യ കമ്പനികളുടെ ആധിപത്യം ഉറപ്പാക്കുന്നതിൽ നിന്ന് തടയിടാൻ നമ്മെ സഹായിച്ചിട്ടുണ്ട്. മാത്രമല്ല സർക്കാർ ഖജനാവിന് വൻ ലാഭവും ഉണ്ടാക്കിയിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ ഐ.ടി. അറ്റ് സ്കൂൾ സ്വതന്ത്രസോഫ്റ്റ്‌വേർ ഉപയോഗത്തിൽ നിന്നും പിന്തിരിയാനുള്ള നീക്കത്തിലാണ്.

ഐ.സി.ടി പരീക്ഷാ സോഫ്റ്റ്‌വേർ പുതിയ മാതൃകയിൽ തയായറാക്കുന്നിൽ വന്നിട്ടുള്ള കാലതാമസം കഴിഞ്ഞ വർഷത്തിൽ 8, 9 ക്ലാസ്സുള്ളിലെ ഐ.ടി. പരീക്ഷ ഫലപ്രദമായി നടത്തുന്നതിന് തടസ്സമായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ യാതൊരു വിവേചനവുമില്ലാതെ വൈദഗ്ധ്യം മാനദണ്ഡമാക്കി ഐ.ടി. അറ്റ് സ്കൂളിലെ അദ്ധ്യാപകരെ ഗവൺമെന്റിന് നിയോഗിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് മുൻകാല നേട്ടങ്ങൾക്ക് ആധാരം. എന്നാൽ ഐ.ടി. അറ്റ് സ്കൂളിന് മേലുള്ള ഇപ്പോഴത്തെ സങ്കുചിത രാഷ്ട്രീയ ഇടപെടലുകൾ ഈ തിരിച്ച് പോക്കിന് കാരണമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വളരെ മികച്ച രീതിയിൽ മുന്നോട്ട് പോയ്ക്കൊണ്ടിരുന്ന ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനങ്ങളെ തകിടം മറിക്കുന്ന തരത്തിലുള്ള സങ്കുചിത രാഷ്ട്രീയ ഇടപെടലിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് KSTA, DAKF സംഘടിപ്പിച്ച ഐ.ടി. സെമിനാർ ആവശ്യപ്പെടുന്നു.

വിവര വിനിമയ സാങ്കേതീക വിദ്യ പഠനബോധന പ്രക്രിയയുടെ ഭാഗമാക്കുന്നതിനായി ചിട്ടയായ അദ്ധ്യാപക പരിശീലനം അനിവാര്യമാണ്. ഐ.ടി. അറ്റ് സ്കൂൾ ഇത് തുടർന്നും ചെയ്യണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ പൊതു വിദ്യാഭ്യാസം തകർക്കുന്നതിനുള്ള മൊത്തം ശ്രമങ്ങളുടെ ഭാഗമായി ഐ.ടി. പരിശീലനങ്ങളും ദുർബലപ്പെടുത്തുകയാണെങ്കിൽ അത് മറികടക്കാനും അദ്ധ്യാപകരെ ഈ രംഗത്ത് ശാക്തീകരിക്കാനുമുള്ള പരിശീലന പദ്ധതികൾ ഏറ്റെടുത്ത് നടത്താനും സെമിനാർ തീരുമാനിക്കുന്നു.

ഐ.ടി. അറ്റ് സ്കൂളിന്റെ റിസോഴ്സ് പോർട്ടൽ അപ് ഡേറ്റ് ചെയ്യാതെ അനാകർഷകമാക്കുകയാണ്. ഈ സാഹചര്യത്തിൽ പുതിയൊരു റിസോഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിക്കുമെന്ന് സെമിനാർ പ്രഖ്യാപിക്കുന്നു.

ഐ.ടി. അറ്റ് സ്കൂളിനേയും ഐ.ടി.അധിഷ്ടിത വിദ്യാഭ്യാസത്തേയും തകർക്കാൻ നടത്തുന്ന ശ്രമങ്ങളെ നവമാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് ചെറുക്കാനുള്ള കേമ്പയിൻ ആരംഭിക്കും.

യു.ഡി.എഫ്. സർക്കാർ വിദ്യഭ്യാസ രംഗത്ത് പൊതുവേയും, ഐ.സി.ടി. അധിഷ്ടിത വിദ്യാഭ്യാസത്തെ സവിശേഷമായും തകർക്കുന്ന നയങ്ങളേയും സ്വതന്ത്ര സോഫ്റ്റ് വേയറിനെ അട്ടിമറക്കാനുള്ള് നീക്കങ്ങളേയും, അക്കാദമീക വിദഗ്ധരേയും പൊതു സമൂഹത്തേയും അണിനിരത്തി പ്രതിരോധിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

K. S. T. A.
STATE COMMITTEE OFFICE
THIRUVANANTHAPURAM-695 014